ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) മെഡിക്കൽ കോളേജ് അധ്യാപകർ പേവാർഡ് അഡ്മിഷൻ നടത്തുന്നില്ല എന്നതൊഴിച്ചാൽ രോഗികൾക്ക് മറ്റെന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്നതാണ് അധ്യാപകരുടെ പ്രധാന ആവശ്യം.

(സി) സമരം നടത്തുന്ന അധ്യാപക സംഘടനയുമായി സർക്കാർ ഒന്നിലേറെ തവണ ചർച്ച നടത്തുകയും അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) & (ഇ) 50% ഡി. എ. അവരുടെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചിട്ടുണ്ട്.

(എഫ്) ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. രണ്ടു മാസത്തിനുള്ളിൽതന്നെ ഇതു നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ സംഘടനകളെ അറിയിക്കുകയും അവർ പരീക്ഷാ ബഹിഷ്കരണം പോലുള്ള സമര പരിപാടികൾ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്

24. [*682] ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:
,, ബാബു എം. പാലിശ്ശേരി:
,, എം. ജെ. ജേക്കബ്
,, കെ. ടി. ജലീൽ;
,, പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പാർലമെന്ററികാര്യ പ്രവർത്തനങ്ങളിൽ പൊതുപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) പഴയ നിയമസഭാ മന്ദിരത്തിന്റെ നവീകരണത്തിന് നടപടി സ്വീകരിക്കുമോ;

(ഡി) പഴയ നിയമസഭാ മന്ദിരത്തോടനുബന്ധിച്ച് ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) 1. ജനപ്രതിനിധികൾ, യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ സാമൂഹ്യ സംഘടനകൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് പാർലമെന്ററി ജനാധിപത്യ ഭരണ സംവിധാനങ്ങളെ സംബന്ധിച്ച് പരിശീലനം നൽകുക.

2. സർക്കാരിന്റെ നയപരിപാടികളെ സംബന്ധിച്ച പഠനങ്ങളും ഗവേഷണങ്ങളും സംഘടിപ്പിക്കുക.

3. ഇതര സംസ്ഥാനങ്ങളിലേയും മറ്റു രാജ്യങ്ങളിലേയും ജനാധിപത്യ സംവിധാനങ്ങൾ അടുത്തറിയുന്നതിനുള്ള പഠന സന്ദർശനങ്ങൾ സംഘടിപ്പിക്കുക.

4. തിങ്ക് ടാങ്ക്-പൊതുനയങ്ങൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും സർക്കാരിനെ ബൗദ്ധികമായി സഹായിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള വിദഗ്ധരുടെ കൂട്ടായ്മ രൂപീകരിക്കുക.

5. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി മോഡൽ പാർലമെന്റ് സംഘടിപ്പിക്കുക

6. പാർലമെന്റ്, നിയമസഭകൾ, പാർലമെന്ററി കാര്യവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള നെറ്റ്‍വർക്കിംഗ് (ഇ-പാർലമെന്റ്)

7. ഇതര സംസ്ഥാനങ്ങളിലേയും ഇതര രാഷ്ട്രങ്ങളിലേയും തെരഞ്ഞെടുത്ത പ്രതിനിധികൾ തമ്മിൽ ആശയവിനിമയ പരിപാടി എന്നിവ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

(ബി) 1. പാർലമെന്ററികാര്യ പ്രവർത്തനങ്ങളിൽ പൊതു പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി ''നിയമനിർമ്മാണവും പാർലമെന്ററി നടപടികളും'' എന്ന വിഷയം സംബന്ധിച്ച് ത്രിദിന പരിശീലന പരിപാടി നടത്തിവരുന്നു. ഇതേവരെ 2 ബാച്ചുകളിലായി 29 എം. എൽ. എ.-മാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

2. എം. എൽ. എ.-മാർക്ക് ഐ. ടി. പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

3. സെക്രട്ടറിയേറ്റിലെ നിയമ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലീഗൽ ഡ്രാഫ്റ്റിംഗ്, ട്രാൻസ്ലേഷൻ എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി ഈ ആഗസ്റ്റ് മാസം ആരംഭിക്കും.

4. സ്കൂൾ വിദ്യാർത്ഥികൾക്കായി പാർലമെന്ററി സംവിധാനം പരിചയപ്പെടുത്തുന്നതിനായി ഡി. പി. ഐ. വിദ്യാഭ്യാസ ജില്ലാടിസ്ഥാനങ്ങളിൽ തെരഞ്ഞെടുക്കുന്ന ഓരോ സ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് മോഡൽ പാർലമെന്റ് മത്സരം സംഘടിപ്പിച്ചു. ഒന്നാം സ്ഥാനത്തെത്തുന്ന സ്കൂളിന് റോളിംഗ് ട്രോഫി സമ്മാനിക്കുന്നതാണ്. ഈ വർഷത്തെ സമ്മാനം ആലപ്പുഴ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിനാണ് ലഭിച്ചത്.

5. നിയമസഭാ നടപടികൾ വിദ്യാർത്ഥികൾക്കായി പരിചയപ്പെടുത്തുന്നതിനായി 'നിങ്ങളുടെ അസംബ്ലിയെ അറിയുക' എന്ന പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ രണ്ടു വിദ്യാർത്ഥികളെ വീതം ഇതിൽ പങ്കെടുപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചരിത്ര സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ള പഴയ നിയമസഭാ മന്ദിരത്തിന്റെ നവീകരണത്തിനാവശ്യമായ എസ്റ്റിമേറ്റ് ആർക്കിയോളജി വകുപ്പ് തയ്യാറാക്കിവരികയാണ്.

(ഡി) പഴയ നിയമസഭാ മന്ദിരത്തോടനുബന്ധിച്ച് ഒരു 'ഹോളോഗ്രാഫിക് എറ്റേണൽ ഗാലറി' സ്ഥാപിക്കുന്നതിനായി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## അങ്കണവാടികളിലെ കുട്ടികൾക്കായി വാങ്ങിയ കളിക്കോപ്പുകൾ

25. [*683] ശ്രീ. പി. കെ. അബ്ദുറബ്ബ്:

,, കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പോ മറ്റേതെങ്കിലും ഏജൻസിയോ കളിക്കോപ്പുകളോ പാവകളോ വാങ്ങിയിരുന്നോ;

(ബി) ഈ പാവകളിൽ ലെഡ്ഡിന്റേയും കാഡ്മിയത്തിന്റേയും അംശം അടങ്ങിയിട്ടുണ്ടെന്നും അവ കുഞ്ഞുങ്ങളുടെ ആരോഗ്യത്തിനു ഹാനികരമാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതു സംബന്ധമായി അന്വേഷണം നടത്തി നിജസ്ഥിതി വെളിപ്പെടുത്തുമോ;

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) വാങ്ങിയിരുന്നു.

(ബി) & (സി) അങ്കണവാടിയിലെ കുട്ടികൾക്കു വിതരണം ചെയ്യുന്നതിനു വേണ്ടി വാങ്ങിയ പാവകളിൽ ലെഡ്ഡിന്റേയും കാഡ്മിയത്തിന്റേയും അംശം അടങ്ങിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധമായി അന്വേഷണം നടത്തി നിജസ്ഥിതി വെളിപ്പെടുത്തുന്നതാണ്.

## ശുദ്ധജല വിതരണ കണക്ഷന് കേന്ദ്രീകൃത സംവിധാനം

26. [*684] ശ്രീ. ടി. എൻ. പ്രതാപൻ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജല അതോറിറ്റി 2007 ജൂൺ മുതൽ തിരുവനന്തപുരത്ത് കെ. ഡബ്ല്യു. എ.-യിൽ ശുദ്ധജല വിതരണ കണക്ഷന് കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തിയത് വിജയകരമാണോ;

LIBRARY ARCHIVES Kerala Legislative Assembly